# പഞ്ചാംഗപ്പേജ് മറിക്കുമ്പോൾ

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

പുതുമയില്ലാതെ
പുതുവർഷപ്പത്രം:
ശേഷം അടുത്തപേജിലെന്ന
ചോദ്യത്താൾ മറപ്പുപോലെ
ഒരേ മട്ടിലൊഴുകുന്നു
നവവത്സരാശംസയും പ്രതിജ്ഞയും!

ഇണ്ടനമ്മാമനെക്കൊണ്ട്
ഇടങ്കാലിലെ ചെളി വലങ്കാലിലും
വലങ്കാലിലെ ചെളി ഇടങ്കാലിലും
മാറ്റിത്തേപ്പിച്ച കവിവാക്യം,
മാറാത്ത പിണ്ഡത്തരിയളവുപോൽ,
ഊർജ്ജശാസ്ത്ര പ്രമാണസൂത്രം.
നാളെനാളെ നീളെനീളെയെന്ന
സാരോപദേശ സംഹിതയായ്
വാഴുന്നു വിശ്വൈകസത്യം.

നീലമഷിയിൽക്കുറിച്ച അക്ഷരത്തെറ്റ്,
മഷിത്തണ്ടിൽ മായാത്ത മുദ്ര.
രാസവെള്ളത്തിൽ തടവിത്തുടച്ച
സ്ഖലിതം മറയുന്നു പ്രത്യക്ഷത്തിൽ –
വെളുപ്പിച്ച വിഴുപ്പ് വരിയിൽ തങ്ങുന്നു.

കാലുതട്ടിക്കളിക്കുന്ന
ജീവിതപ്പന്തയത്തിൽ
സ്വന്തമഹന്താപ്പന്തുരുട്ടി

ആരാന്റെ തട്ടകത്തി-
ലാഴ്ത്തിവീഴ്ത്തുന്ന കളിക്കോലം –
കർമ്മശേഷിയെ പുച്ഛിക്കും
സൌകര്യത്തിൻ ആപ്തവാക്യം:
ഞാനൊന്നുമറിഞ്ഞീല രാമനാരായണ!
*******************************************************************